LIBRARY ARCHIVES Kerala Legislative Assembly

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട നിർമ്മാണവും പ്രവർത്തനങ്ങളും

51 [3339] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സെന്റ് സ്ഥലം എവിടെയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട് എന്ന് വ്യക്തമാക്കുമോ; ഈ പദ്ധതികൾ എന്നത്തേക്ക് നടപ്പാക്കാൻ കഴിയും;

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളും സ്ഥാപനത്തിന്റെ അവസ്ഥയും വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) മുപ്പത് സെന്റ് സ്ഥലം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചിരുന്നു. പിന്നീട് ടി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അനുമതിയില്ലാതെ ടി സ്ഥലം കോഴിക്കോട് കളക്ടർ കോഴിക്കോട് നഗരസഭയ്ക്ക് കൈമാറി. ഇതിനുപകരമായി മറ്റെവിടെയെങ്കിലും സ്ഥലം കണ്ടെത്തി ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി, ഇ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഇതുവരെ 2045-ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. മലയാള ഭാഷയെ സമ്പുഷ്ടമാക്കി അതിന്റെ സമ്പത്തും ശക്തിയും വളർത്തുക എന്നത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. വിവിധ സർവ്വകലാശാലാ കോഴ്സുകൾക്കും സാങ്കേതിക കോഴ്സുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്ക് പുറമേ ഇപ്പോൾ പ്ലസ്-ടു കോഴ്സിനുള്ള പാഠപുസ്തകങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ ശബ്ദാവലികൾ 15 എണ്ണത്തോളം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രദർശന-വിൽപ്പന കാര്യക്ഷമമാക്കുവാനും കൂടുതൽ എക്സിബിഷനുകൾ നടത്തുവാനും ശ്രമിക്കുന്നുണ്ട്. ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതികൾ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

52 [3340] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 വർഷത്തിൽ സാംസ്കാരിക വകുപ്പിനായി എത്ര രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് എന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര രൂപ പ്രസ്തുത വർഷത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സാംസ്കാരിക സമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച് ഉപദേശക സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ഏപ്രിൽ 11-ന് കൊല്ലത്ത് നടന്ന പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്ത എം.പി. ഉൾപ്പെടെയുള്ള വിശിഷ്ട വ്യക്തികൾക്ക് പ്രകാശനം ചെയ്ത പുസ്തകത്തിന്റെ കോപ്പി നൽകിയിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ എന്തു നടപടികളാണ് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ 25 ലക്ഷം രൂപയാണ് സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ 18,31,806 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി, സി) ഇപ്പോൾതന്നെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന പ്രസിദ്ധീകരണ വകുപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ഉപദേശക സമിതി അംഗങ്ങൾ ഇവരാണ്:

1. സെക്രട്ടറി, സാംസ്കാരിക വകുപ്പ്
2. ഡയറക്ടർ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് (മെമ്പർ സെക്രട്ടറി)
3. പ്രൊഫ. തുമ്പമൺ തോമസ് (ചെയർമാൻ)
4. പ്രൊഫ. ഇ. കുഞ്ഞിരാമൻ
5. എൽ. വി. ഹരികുമാർ
6. ഡി. ഗോപീമോഹൻ
7. ലീലാമ്മ കുളത്തുങ്കൽ
8. ടി. കെ. രാജഗോപാൽ
9. എസ്. സുധീശൻ
10. പട്ടം ജി. രാമചന്ദ്രൻ നായർ
11. മാവേലിക്കര രാമചന്ദ്രൻ
12. പോൾ മണലിൽ
13. അജിത് വെണ്ണിയൂർ
14. പ്രതാപൻ തായാട്ട്
15. ഒ. കരുണൻ
16. എം. കെ. ശിവശങ്കരൻ
17. പ്രൊഫ. സർദാർകുട്ടി

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) പുസ്തക പ്രകാശന ചടങ്ങുകളിൽ പങ്കെടുക്കുന്ന വിശിഷ്ട വ്യക്തികൾക്ക് പ്രകാശനം ചെയ്ത പുസ്തകത്തിന്റെ പ്രതികൾ നൽകുന്നതിൽ തെറ്റില്ല. എന്നാൽ ഇങ്ങനെ ഒരു ലിഖിത നിഷ്കർഷയോ നിബന്ധനയോ നിലവിലില്ല.

സിനിമാ തിയേറ്ററുകളിലെ സെൻസർ പരിശോധന

53 [3341] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ തിയേറ്ററുകളിലെ സെൻസർ പരിശോധനയ്ക്ക് സ്വകാര്യ ഡിറ്റക്ടീവ് ഏജന്റുമാരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ അപേക്ഷ ക്ഷണിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

'ബുക്ക്മാർക്ക്' വിപണനകേന്ദ്രങ്ങൾ

54 [3342] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'ബുക്ക് മാർക്കി'ന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മറ്റ് പ്രസിദ്ധീകരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വിപണന ശൃംഖല വ്യാപിപ്പിക്കുന്നതിന് ഓരോ താലൂക്കിലും 'ബുക്ക് മാർക്കി'ന്റെ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ ബുക്ക് മാർക്കിന്റെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ബുക്ക് ട്രസ്റ്റിന്റെ സഹകരണത്തോടെ ഒരു മൊബൈൽ യൂണിറ്റ് കേരളത്തിലങ്ങോളമിങ്ങോളം പ്രവർത്തിപ്പിക്കാൻ സാധിച്ചു. മലബാർ പ്രദേശത്തും, മലയോര, തീരദേശ പ്രദേശങ്ങൾക്കും മുൻതൂക്കം നൽകിക്കൊണ്ട് പുസ്തകമേളകൾ സംഘടിപ്പിച്ചുവരുന്നു. ഗ്രാന്റ് ലഭിക്കാൻ വൈകുന്ന ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ കടമായി നൽകുക, ഡോർ ഡെലിവറി സ്കീമിലൂടെ ആവശ്യക്കാർക്ക് പുസ്തകങ്ങൾ നേരിട്ടെത്തിക്കുക, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly